(ബി) ഇപ്പോൾ കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തി വരുന്ന പ്രവർത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) വിദേശ രാജ്യങ്ങളിൽ ഏതെങ്കിലും പ്രവർത്തികൾ കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ടോ, എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) 1998-1999, 1999-2000 എന്നീ വർഷങ്ങളിൽ കോർപ്പറേഷൻ നടത്തിയ പ്രവർത്തികളിൽ എന്ത് തുകവീതം ലാഭം കിട്ടിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിന് പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിൽ പ്രധാനമായും ഏറ്റെടുത്തു നടത്തി വരുന്ന പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതു വഴി നിർമ്മാണത്തിലുണ്ടാകുന്ന അനാവശ്യ ചെലവുകൾ ഇല്ലാതാക്കുക എന്നതാണ്. പുതിയ പണികൾ ഏറ്റെടുക്കുന്നതിന് മുമ്പ് സമഗ്രമായ വിശകലനം നടത്താറുണ്ട്. പ്രവർത്തികൾ കുറവുള്ള റീജിയനുകൾ നിർത്തലാക്കിയതും ജീവനക്കാരെ യഥായുക്തം വിന്യസിച്ചും ചെലവുകൾ കുറയ്ക്കുന്നതിനും അതുവഴി കോർപ്പറേഷന്റെ ലാഭം മെച്ചപ്പെടുത്തുന്നതിനും വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ധനാഗമ മാർഗ്ഗങ്ങളുടെ ശരിയായ വിശകലനം നടത്തുകയും കേന്ദ്രീകൃതമായ ധനനിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തതു വഴി കോർപ്പറേഷൻ ലാഭകരമായി പ്രവർത്തിച്ചു വരികയാണ്.

(ബി) കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തി വരുന്ന ജോലികളുടെ പട്ടിക അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) വിദേശ രാജ്യങ്ങളിലെ പണികൾ ഒന്നും തന്നെ ഇപ്പോൾ ഏറ്റെടുത്തിട്ടില്ല.

(ഡി) 1998-99, 1999-2000 എന്നീ വർഷങ്ങളിൽ യഥാക്രമം 32.40 ലക്ഷം രൂപയും 46.39 ലക്ഷം രൂപയും ലാഭം കിട്ടിയിട്ടുണ്ട്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മത്സ്യങ്ങളിലെ സാംക്രമിക രോഗബാധ

1 (3640) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യങ്ങളിൽ അജ്ഞാത രോഗം പടർന്നു പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(സി) വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) മത്സ്യങ്ങളെ ബാധിക്കുന്ന രോഗങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനും പരിഹാരം കാണുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിൽ ചിലയിടത്ത് ചെമ്മീനിന് വൈറ്റ്സ്പോട്ട് രോഗം പടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വൈറസ് ബാധമൂലമാണ് "വൈറ്റ്സ്പോട്ട്" രോഗം ഉണ്ടായിട്ടുള്ളത്. ചെമ്മീനുകളുടെ ശരീരമാസകലം വെളുത്ത കുത്തുകളും പൊട്ടുകളും കാണുന്നതാണ് 'വൈറ്റ്സ്പോട്ട്' രോഗത്തിന്റെ ബാഹ്യലക്ഷണങ്ങൾ. 'സിസ്റ്റമിക് എക്ടോ തെർമൽ ആന്റ് മിസോതെർമൽ ബാക്കുലോ വൈറസ്' എന്ന വൈറസാണ് രോഗമുണ്ടാക്കുന്നത്. ഈ രോഗമുണ്ടായാൽ ചെമ്മീനുകൾ മൊത്തത്തിൽ ചത്തടിയുകയാണ് പതിവ്. രോഗബാധയുണ്ടാകാതിരിക്കുവാനുള്ള മുൻകരുതലുകൾ എടുക്കുകയല്ലാതെ ഫലപ്രദമായ പ്രതിവിധികളൊന്നും തന്നെ നാളിതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യത്തിനായി എല്ലാ ജില്ലകളിലും 'ഫിഷ് ഹെൽത്ത് മാനേജ്മെന്റ് ആന്റ് ഡിസീസ് മോണിറ്ററിംഗ്' സെല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഇ) വൈറസ് രോഗങ്ങൾ തിരിച്ചറിയുന്നതിനുള്ള 'വൈറോളജി' ടെസ്റ്റുകൾ നടത്തുന്നതിന് ഈ സെല്ലുകളിൽ സംവിധാനങ്ങളില്ലാത്തതിനാൽ മംഗലാപുരത്തുള്ള ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ സഹായം തേടാറുണ്ട്.

(എഫ്) ഉണ്ട്.

(ജി) സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ, മറൈൻ പ്രോഡക്റ്റ്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റിയുടെ സഹായത്തോടെ 'ഫിഷ് ഡിസീസ് ഡയഗ്നോസിസ് സെന്റർ' തുടങ്ങുന്നതിന് ആലോചനയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly